പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 144

# 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ (മൂന്നാം ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 144

**2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ (മൂന്നാം ഭേദഗതി) ബിൽ**

1494/2022.

# 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ (മൂന്നാം ഭേദഗതി) ബിൽ

1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റ് (1970-ലെ 19) താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) മൂന്നാം ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റിന്റെ (1970-ലെ 19) 2-ാം വകുപ്പിന്റെ (എ) ഖണ്ഡത്തിൽ, "എന്നോ അർത്ഥമാകുന്നു;" എന്ന വാക്കുകൾക്കും ചിഹ്നത്തിനും മുമ്പായി "അല്ലെങ്കിൽ 1989-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ (1989-ലെ 19) 6-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്" എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തണമെന്നതാണ് സർക്കാരിന്റെ നയം. ആയതിന്റെ ഭാഗമായി കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്താൻ സർക്കാർ തീരുമാനിച്ചു. മേൽപ്പറഞ്ഞ സ്ഥാപനങ്ങളെ 1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് പ്രസ്തുത ആക്റ്റിൽ ഒരു ഭേദഗതി കൊണ്ടുവരേണ്ടത് ആവശ്യമാണ്.

2. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പിണറായി വിജയൻ.

(ശരിത്തർജ്ജമ)

# 1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1970-ലെ 19)

**  **  **  **

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കോർപ്പറേഷൻ" എന്നാൽ 1951-ലെ സ്റ്റേറ്റ് ഫൈനാൻഷ്യൽ കോർപ്പറേഷൻ ആക്റ്റിന്റെ (1951-ലെ 63-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച കേരള സംസ്ഥാന ഫൈനാൻഷ്യൽ കോർപ്പറേഷൻ അല്ലെങ്കിൽ 1962-ലെ വെയർ ഹൗസിംഗ് കോർപ്പറേഷൻ ആക്റ്റിന്റെ (1962-ലെ 58-ാം കേന്ദ്ര ആക്റ്റ്) 18-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ അല്ലെങ്കിൽ 1957-ലെ കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ആക്റ്റ് (1957-ലെ 9) 4-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് അല്ലെങ്കിൽ 1986-ലെ കേരള ജലവിതരണവും അഴുക്കുചാലും ആക്റ്റിന്റെ (1986-ലെ 14) 3-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച കേരള വാട്ടർ അതോറിറ്റി അല്ലെങ്കിൽ 1969-ലെ ചെത്തുതൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1969-ലെ 22) 6-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡ് അല്ലെങ്കിൽ 1978-ലെ ചുമട്ടുതൊഴിലാളി ആക്റ്റിലെ (1980-ലെ 20) 14-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് അല്ലെങ്കിൽ 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1985-ലെ 21) 6-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് അല്ലെങ്കിൽ 1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1977-ലെ 11) 4-ാം വകുപ്പ് പ്രകാരം സ്ഥാപിച്ചിട്ടുള്ള കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് അല്ലെങ്കിൽ 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിന്റെ (2009-ലെ 10) 9-ാം വകുപ്പ് പ്രകാരം സ്ഥാപിച്ചിട്ടുള്ള കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് എന്നോ അർത്ഥമാകുന്നു;

(ബി) "ഗവൺമെന്റ്" കമ്പനി' എന്നാൽ,—

(i) 1956-ലെ കമ്പനി ആക്റ്റിന്റെ (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ളതും കേരള ഗവൺമെന്റിന് അൻപത്തൊന്ന് ശതമാനത്തിൽ കുറയാത്ത അടച്ചുതീർത്ത ഓഹരി മൂലധനമുള്ളതുമായ ഒരു കമ്പനി എന്നോ; അല്ലെങ്കിൽ

(ii) അപ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ളതും അൻപത്തൊന്ന് ശതമാനത്തിൽ കുറയാത്ത അടച്ചുതീർത്ത ഓഹരി മൂലധനം ഭാഗികമായി കേരള ഗവൺമെന്റിനും ഭാഗികമായി (i)-ാം ഉപഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന ഒരു കമ്പനിക്കും ഉള്ളതുമായ കമ്പനിയെന്നോ; അല്ലെങ്കിൽ

(iii) പ്രസ്തുത ആക്റ്റിന്റെ 4-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന (i)-ാം ഉപഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഒരു കമ്പനിയുടെ സബ്‌സിഡിയറി കമ്പനിയെന്നോ; അർത്ഥമാകുന്നു.

(സി) "പബ്ലിക് സർവ്വീസ് കമ്മീഷൻ" എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു.

** ** ** **